# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മാർച്ച് 26

# വാർത്താക്കുറിപ്പ്

---

**ബി.ബി.എ. എൽ.എൽ.ബി. പരീക്ഷ ഏപ്രിൽ 10ന്**

ഏപ്രിൽ 10ന് നടക്കുന്ന മൂന്നാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. - ഹെൽത്ത്കെയർ മാനേജ്മെന്റ് എന്ന പേപ്പറിന്റെ പരീക്ഷ 2014, 2015, 2016 അഡ്മിഷൻ വിദ്യാർഥികളും എഴുതേണ്ടതാണ്.

(പി.ആർ.ഒ./39/590/2019)

**എം.ഫിൽ സംവരണ സീറ്റൊഴിവ്**

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ 2018 അഡ്മിഷൻ എം.ഫിൽ കോഴ്സിൽ എസ്.സി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായവർ സർട്ടിഫിക്കറ്റുകൾ സഹിതം മാർച്ച് 27ന് രാവിലെ 9.30ന് നേരിട്ട് ഹാജരാകണം. വിശദവിവരത്തിന് ഫോൺ: 0481-2732288.

(പി.ആർ.ഒ./39/591/2019)

**പരീക്ഷ ഫലം**

2018 ഒക്ടോബറിൽ നടന്ന മൂന്നാം വർഷ ബി.എസ്സി. നഴ്സിംഗ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ ആറുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/592/2019)

2018 ഏപ്രിലിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ. ചരിത്രം (പ്രൈവറ്റ്) റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, അഡീഷണൽ പി.ജി., മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ ആറുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/593/2019)

**ബി.കോം. ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന**

അഞ്ചാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ്.എസ്., ഒക്ടോബർ 2018 പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർഥികൾ തിരിച്ചറിയൽ കാർഡ്/ഹാൾടിക്കറ്റുമായി മാർച്ച് 29, 30 തീയതികളിൽ സിൽവർ ജൂബിലി പരീക്ഷഭവനിലെ 225-ാം നമ്പർ മുറിയിൽ ഹാജരാകണം.

(പി.ആർ.ഒ./39/594/2019)

**'വനനാശത്തിന്റെ ഉത്തരവാദിത്തം കുടിയേറ്റക്കാരന്റെ ചുമലിലാക്കിയത് നഗര പരിസ്ഥിതിവാദികൾ'**

കുടിയേറ്റ ജീവിതം എന്തെന്നറിയാത്ത നഗരത്തിലെ പരിസ്ഥിതിവാദികളാണ് കുടിയേറ്റം ആരംഭിക്കുന്നതിനുമുമ്പുതന്നെ സംഭവിച്ച വനനാശത്തിന്റെ ഉത്തരവാദിത്തം കുടിയേറ്റക്കാരന്റെ മേൽ ചാർത്തിയതെന്ന് വർഗീസ് തോട്ടയ്ക്കാട്. മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷൻ 'മലബാർ കർഷക കുടിയേറ്റം; വെല്ലുവിളികളും പ്രതികരണങ്ങളും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച പ്രഭാഷണ പരിപാടിയിൽ സംസാരിക്കുകയായിരുന്ന അദ്ദേഹം.

ലോക മഹായുദ്ധം സമ്മാനിച്ച ദാരിദ്ര്യവും സ്ഥലപരിമിതിയുമാണ് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ മദ്ധ്യകേരളത്തിൽ നിന്ന് സിറിയൻ ക്രിസ്ത്യൻ വിഭാഗം മലബാറിലേക്ക് കുടിയേറിയതിന്റെ

പ്രധാന കാരണം. പ്രകൃതിയോടും മാരകരോഗങ്ങളോടും നിരന്തരം പൊരുതേണ്ടിവന്ന കുടിയേറ്റക്കാരന്റെ ജീവിതം ദുരിതപൂർണമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന ചടങ്ങിൽ ഡോ. ആർ.എസ്. സന്ധ്യ അധ്യക്ഷത വഹിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷൻ 'മലബാർ കർഷക കുടിയേറ്റം; വെല്ലുവിളികളും പ്രതികരണങ്ങളും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച പ്രഭാഷണ പരിപാടിയിൽ വർഗീസ് തോട്ടയ്ക്കാട് സംസാരിക്കുന്നു.**

(പി.ആർ.ഒ./39/595/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ